അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം ഗ്രാമീണ കാർഷിക തൊഴിൽ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടി

57 (4112) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം ഗ്രാമീണ, കാർഷിക തൊഴിൽ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

അന്യസംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്ത് മിക്കവാറും എല്ലാ തൊഴിൽ മേഖലകളിലും ജോലി ചെയ്തുവരുന്നുണ്ട്. ജോലി ലഭ്യതയനുസരിച്ച് ഗ്രാമമെന്നോ പട്ടണമെന്നോ വ്യത്യാസമില്ലാതെ കാർഷിക മേഖലയിലും മറ്റു തൊഴിൽ മേഖലകളിലും ഇവർ പണിയെടുക്കുന്നുണ്ട്. ഗ്രാമീണ കാർഷിക മേഖലകളിൽ അന്യസംസ്ഥാനത്തൊഴിലാളികളെ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പ്രത്യേക നടപടി ഇപ്പോൾ പരിഗണനയിലില്ല.

ആഗോള സാമ്പത്തിക മാന്ദ്യംമൂലം ജോലി നഷ്ടപ്പെട്ടവർ

58 (4113) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള സാമ്പത്തിക മാന്ദ്യംമൂലം എത്ര കേരളീയർക്ക് ജോലി നഷ്ടമായി എന്ന് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) തൊഴിൽ നഷ്ടംമൂലം കുടിയേറ്റ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും സംസ്ഥാനത്തിനുമുണ്ടായ സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ എന്തെല്ലാമാണ് ;

(സി) ഇവരുടെ പുനരധിവാസത്തിന് തൊഴിൽ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ഇക്കാര്യം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly